നമ്പർ-എ6-578/2019/സ്ത്രീ.കു.ആ

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി
തൈയ്ക്കാട്, തിരുവനന്തപുരം,
തീയതി, 02/02/2019

## ദർഘാസ്സ് പരസ്യം

തൈയ്ക്കാട്, ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് 2019-20 സാമ്പത്തിക വർഷത്തിൽ ബ്രഡ് വിതരണം ചെയ്യുന്നതിനായി മുദ്ര വച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. ബ്രഡിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### ഇനവിവരം

വൈറ്റ് സാന്റ്വിച്ച് (ബഡ് 800 ഗ്രാം പാക്കറ്റ് 24 സ്ലൈസ് ഒരു മാസത്തേയ്ക്ക് 800 ഗ്രാമിന്റെ 900 മുതൽ 1300 വരെ പാക്കറ്റ് വിതരണം ചെയ്യേണ്ടി വരുന്നതും ആഴ്ചയിൽ എല്ലാ ദിവസവും ഇൻഡന്റ് പ്രകാരം രാവിലെ 9.30 നും 10.30 ഇടയ്ക്ക് വിതരണം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും ദിവസം വിതരണം ചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ (ഉദാ:- ഹർത്താൽ) തലേ ദിവസം തന്നെ പ്രസ്തുത ദിവസം ഉപയോഗിക്കാൻ യോഗ്യമായ ബ്രഡ് എത്തിച്ചുതരേണ്ടതാണ്. കരിഞ്ഞതോ ഭക്ഷണയോഗ്യമല്ലാത്തതോ ആയ വസ്തുകൾ ബ്രഡിൽ പാടില്ല. മാനുഫാക്ചറിങ്ങ് തീയതിയും എക്സ്പയറി തീയതിയും രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

ടെൻഡർ ഫോമുകൾ 27-02-2019 ഉച്ചയ്ക്ക് 12 മണി വരെ പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. ടെർഡർ ഫാറത്തിന്റെ വിലയായ 1000 രൂപയും (ട്രഷറിയിൽ ചെലാൻ അടയ്ക്കേണ്ട ശീർഷകം:- 0210-80-800-88) നിയമാനുസൃതമായ ജി.എസ്.റ്റി. യും (12% - 120/- രൂപ), പകർപ്പ് ആവശ്യമുള്ളവർ ആയതിന്റെ വിലയായ 500 രൂപയും നിയമാനുസൃതമുള്ള ജി.എസ്.റ്റി. യും (12% - 60/- രൂപ) അതാത് അക്കൗണ്ട് ഹെഡിൽ ട്രഷറിയിൽ ഒടുക്കി ആയതിന്റെ അസ്സൽ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. 01/01/2019 ലോ അതിനു ശേഷമോ എടുത്ത അസ്സൽ സോൾവൻസി സർട്ടിഫിക്കറ്റ് , ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ്, പി.എഫ്,എ. ലൈസൻസ്, 200/- രൂപ (ഇരുന്നൂറ് രൂപാ മാത്രം) വിലയുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ്, നിരതദ്രവ്യമായി 5,000/- രൂപയുടെ (അയ്യായിരം രൂപ മാത്രം) സൂപ്രണ്ടിന്റെ പേരിൽ മാറാവുന്ന ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

മറുപുറം .......... 2

പൂരിപ്പിച്ച ദർഘാസ്സുകൾ 27-02-2019.-ന് ഉച്ചയ്ക്ക് 1 മണി വരെ ഈ ആഫീസ്സിൽ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് ദർഘാസ്സുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടേയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ആവശ്യമായ രേഖകൾ ഹാജരാക്കിയതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതുമായ ദർഘാസ് അംഗീകരിക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് സമർപ്പിക്കുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

സൂപ്രണ്ട്

നോട്ടീസ് ബോർഡ്

പകർപ്പ്:-

എ) നോട്ടീസ് ബോർഡിലേക്ക്

1. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (വെബ് സൈറ്റിലേക്ക്)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം
3. ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
4. സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം.
5. സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
6. സൂപ്രണ്ട്, നെഞ്ചുരോഗാശുപത്രി, പുലയനാർകോട്ട, തിരുവനന്തപുരം
7. സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം
8. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫയർ, തൈക്കാട്
9. പോസ്റ്റ് മാസ്റ്റർ, പോസ്റ്റ് ഓഫീസ്, തൈക്കാട്. തിരുവനന്തപുരം
10. വില്ലേജ് ഓഫീസ്, തൈക്കാട്, തിരുവനന്തപുരം

ബി) ലേ സെക്രട്ടറി ആന്റ് ട്രഷറർ

സി) ഫയൽ/കരുതൽ ഫയൽ